# ചിതയും കനലും

■ പി.ജെ.ജെ. ആന്റണി



*ഗുരു ശാന്തമായ മൗനത്തിലായിരുന്നു.*

*"സദ്ഗുരോ, എന്റെ അമ്മ മരിച്ചു. ദേഹം എന്തുചെയ്യണം?"*

*"ചക്കിലിട്ട് ആട്ടി എണ്ണയെടുക്കുക. അതൊഴിച്ച് വിളക്ക് തെളിയിക്കുക. അപ്പോൾ അന്ധർക്കും കാണാനാകും."*

*ശിഷ്യൻ ആദ്യം അമ്പരപ്പിൽ പുളഞ്ഞു. പിന്നെ കലിക്രോധങ്ങളിൽ ഉഴന്നു.*

*"എന്താ, ശവത്തിന് നോവുമെന്ന പേടിയാണോ? ജീവനൊടുങ്ങിയാൽ അഴിയണം. അത് പുതിയ പടപ്പിന് ഹേതുവാകും. മൃതി കഴിഞ്ഞാൽ ദേഹകാലം കെട്ടു. പിന്നെ കാലം ദേഹിക്കാണ്. എന്തെന്നാൽ അത് അക്ഷരമാണ്."*

•

പ്രൊഫസർ തോമസ് കോരയ്ക്ക് ഉള്ളിൽ ചിരിപൊട്ടി. അതയാൾ പുറത്തുകാണിച്ചില്ല. അച്ഛന് കുരുപൊട്ടിയിരിക്കുകയാണ്. ഒന്നിനും കുറവില്ലാത്ത ജീവിതം. വിളിപ്പുറത്ത് ആദരവും അംഗീകാരവും. തിരിച്ചെടുക്കാമെന്ന് പാർട്ടി എന്നേ പറഞ്ഞതാണ്. എന്നിട്ടും കേരള ഗാമയെപ്പോലെ മപ്പടിച്ച് നിൽക്കുകയാണ്. ഖാട്ടാഗുസ്തിയുടെ കാലം ചത്തുപോയെന്ന് ആരാണ് ഇങ്ങേർക്ക് ഓതിക്കൊടുക്കുക. ജനിപ്പിച്ചവനെ നിന്ദിക്കരുതല്ലോ. അല്ലായിരുന്നെങ്കിൽ...

കനു സന്യാൽ[1] തൂങ്ങിച്ചത്തതിന്റെ അന്ന് തുടങ്ങിയതാണ് പുതിയ പിരിവെട്ടൽ. എല്ലാവർക്കും അനുകമ്പയുണ്ട്. ബംഗാൾ ഘടകം പാർട്ടിയിലേക്ക് തിരികെ വിളിച്ചതുമാണ്. ഒന്നിനും സമ്മതിക്കാതെ ഒടുവിൽ കെട്ടിഞാന്ന് ചാവുകയും ചെയ്തു. ഇത് റിപ്പോർട്ട് ചെയ്യാത്ത ചാനലുകളും പത്രങ്ങളുമില്ല. വർഗ ശത്രുക്കൾക്ക് ആഘോഷവിഷയവുമായി.

കുത്തക ചാനലിൽ ഇന്ന് കനുസന്യാൽ സ്പെഷലുണ്ട്. അത് കാണാനാണ് അച്ഛന്റെ കുത്തിയിരുപ്പ്.

കെട്ടിഞാന്നുകിടക്കുന്ന സീനും ദ്രോഹികൾ ഒപ്പിച്ചെടുത്തിട്ടുണ്ടെന്ന് പാർട്ടി ചാനലിലെ രമണൻ വിളിച്ചുപറഞ്ഞു. ഈ വയസ്സന്മാർക്കൊക്കെ തനി പ്രാന്താണ്. ത്രെഡ് ഇളകിയ നട്ടുകൾ തലയ്ക്കുള്ളിൽ കിലുങ്ങുന്നതിന്റെ കേട്. വെറുതയല്ല സ്റ്റാലിൻ സഖാവ് ഇത്തരം കുറെയെണ്ണത്തിനെ അന്ധകാര

ത്തിന് കഴുവേറ്റിയത്. ഒന്നും ഒന്നും രണ്ട്. രണ്ടും രണ്ടും നാല്. അങ്ങനത്തെ കണക്കൊക്കെ മതി. ഭരണകൂടം കൊഴിഞ്ഞുപോകും, പട്ടാളവും പൊലീസും ഇല്ലാതാകും, മനുഷ്യരെല്ലാം മാലാഖമാരാകും എന്നൊക്കെ കാൾ മാർക്സ് ചുമ്മാ എഴുതിപ്പിടിപ്പിച്ചത്. അങ്ങേരുടെ ഉള്ളിലെ യഹൂദന്റെ ഒടുക്കത്തെ ചിലമ്പൽ. അത് ആ ഇനത്തിൽ എഴുതിത്തള്ളേണ്ടതിനുപകരം മാർക്സിനെയും പുണ്യപുരാണപുരുഷനാക്കാനുള്ള ബ്ലഡി ഇഡിയോക്രസി എങ്ങനെ വച്ചുപൊറുപ്പിക്കാനാകും?

"അച്ഛാ, ചാനൽ മാറ്റ്. വെറുതെയെന്തിനാ ബ്ലഡ് പ്രഷർ കേറ്റുന്നത്? ലോകം മാറിപ്പോയി. ഇനി വിപ്ലവമൊന്നും ഒരുകാലവും വരാൻ പോകുന്നില്ല. വോട്ടിങ് യന്ത്രം ഈസ് ഹിയർ ടു സ്റ്റേ. അതിന്റെ ഗണിതത്തിനുള്ളത്രയും പ്രസക്തി രാഷ്ട്രീയത്തിൽ മറ്റൊന്നിനുമില്ല. ബാക്കിയെല്ലാം സെക്കണ്ടറി. വോട്ട്സ് ആർ പൊളിറ്റിക്സ് ആൻഡ് ദ് റെസ്റ്റ് ആർ മിയർ ഡീറ്റെയിത്സ്."

പ്രൊഫസർ തോമസ് കോര ഉറക്കെ ചിരിച്ചു.

"ആദർശം ഓക്കാനരോഗമാക്കിയ മന്ത്രിയാണ് പതിനാറെണ്ണത്തിന്റെ മുകളിലൂടെ എന്നെ പ്രിൻസിപ്പാളാക്കിയത്. ഇനി വരാനിരിക്കുന്ന എഞ്ചിനീയറിങ് വാഴ്സിറ്റിയുടെ വൈസ് ചാൻസലറും ഞാൻ തന്നെയായിരിക്കും. അച്ഛന്റെ മകൻ. അതാണ് ഏറ്റവും മുന്തിയ ക്വാളിഫിക്കേഷൻ. പാർട്ടി അച്ഛന് തരുന്ന മതിപ്പ് ഇനിയെങ്കിലും മനസ്സിലാക്ക്. അധികം വൈകാതെ ഗൗരിയമ്മ തിരിച്ചെത്തും. പിന്നാലെ പല്ലുകൊഴിഞ്ഞ രാഘവനും. അല്ലാതെവിടെപ്പോകാനാ? അച്ഛൻ മാത്രമാണ് ഇടത്തൂട്ടും ശീശ്മയുമായി നിൽക്കുന്നത്. ഒരു രക്തഹാരം പോലും അണിയാതെ ചാകാനാകും അച്ഛന്റെ വിധി! ഫ്രാക്ഷൻ മീറ്റിങ്ങിൽ ഇത് പറയാത്ത സഖാക്കളില്ല. എല്ലാവർക്കും സങ്കടമുണ്ട്. അതിലേറെ നിരാശയുമുണ്ട്. അക്കാദമിക് സർക്കിളിൽ എന്റെ ഇപ്പോഴത്തെ സ്ഥാനം അച്ഛനറിയാമല്ലോ. അച്ഛന്റെ മരണവും വർഗശത്രുക്കൾ ആഘോഷിക്കും. അതോർത്തിട്ടെങ്കിലും..."

ടെലിവിഷനിൽ സ്റ്റാർസിംഗർ കസറുന്നു. ബോംബെക്കാരി പോക്കറ്റ് എഡിഷൻ പെൺകുട്ടിയാണ് ആടിപ്പാടുന്നത്. വൃദ്ധനും സ്റ്റാർസിംഗർ ഫാനാണ്. പോയ വർഷം പ്രീതിവാര്യർക്ക് കിട്ടാതെപോയതിന്റെ ചൊരുക്ക് മാറിയിട്ടില്ല.

"ദാ, സ്റ്റാർസിംഗർ നോക്ക്. എന്ത് പ്രസരിപ്പാണ് ആ കുട്ടിക്ക്! ശരിക്കും കാന്താരി. അച്ഛനിത് കാണ്. അടുത്തത് ഇമ്മാനുവേൽ ആണ്. വെറുതെ അതുമിതും കണ്ട് ഒടുവിൽ ഉറങ്ങാതെ കിടക്കേണ്ട."





വൃദ്ധൻ ഒന്നും കാണുന്നുണ്ടായിരുന്നില്ല. കുട്ടനാട്ടിലെ എണ്ണിയാലൊടുങ്ങാത്ത ഇടത്തോടുകളിലൊന്നിലൂടെ അയാൾ ഒരു കുരുന്നുവള്ളത്തിൽ ദൂതിന് പോവുകയായിരുന്നു. വാതിൽപ്പഴുതിലൂടെ മൃതിയുടെ കുങ്കുമം അകങ്ങളിലേക്ക് തീണ്ടുന്ന ഒരു ഭൂതോച്ചാടനത്തിന്റെ ലഹരി അയാളെ പൂണ്ടിരുന്നു. പാടിയ പാട്ടുപോലും അയാൾ ഓർത്തു. "പാമരം പളുങ്കുകൊണ്ടേ... പന്നഗം പളുങ്കുകൊണ്ടേ..."

ആകാശത്ത് നീലയും ഭൂമിയിൽ കറുപ്പുമായി ഇരുട്ട് നിവർന്നുവന്നപ്പോൾ അയാൾ മോട്ടോർ മുരളുന്ന പമ്പുഷെഡ് കണ്ടുപിടിച്ചു. കേൾവിയും കേൾപ്പോരുമില്ലാത്ത ജലകാനനം വരമ്പുകളിൽ തുള്ളിത്തുളുമ്പുന്നു. ചെളിയുടെ കറുപ്പുനിറം ജലത്തിനും. ചാഞ്ഞും ചരിഞ്ഞും നിലം ചേർന്ന പമ്പുഷെഡിൽ മോട്ടോറിൽ ചാരി ചെളിയുടെ ഈർപ്പത്തിൽ കറുത്ത് തളിർത്ത് കനുസന്യാൽ. രാത്രിയുടെ കറുപ്പിൽ കുതിർന്ന് പിന്നെയും ആളെത്തി. പമ്പ് ഷെഡിൽ തണുപ്പ് കുറഞ്ഞുവന്നു.

വംഗപുരുഷന്റെ സ്വരം മയമുള്ളതും ചിലമ്പാത്തതും ആയിരുന്നു. ചരിത്രത്തോട് ആർക്ക് കുതറിനിൽക്കാനാവും? സാമൂഹിക മുന്നേറ്റങ്ങളുടെ ഗതി തിരിച്ചുവിടാൻ ആർക്കും ആവില്ല. വേഗത കൂട്ടാനോ കുറക്കാനോ ഇടപെടലുകൾക്ക് കഴിഞ്ഞേക്കും. ഇന്നല്ലെങ്കിൽ നാളെ നിസ്സഹായരായ ഗ്രാമീണർ അധികാരം പിടിച്ചെടുക്കുക തന്നെ ചെയ്യും.

ഗ്രാമീണർ നഗരങ്ങൾ വളയുന്നത് അയാൾക്ക് കാണാമായിരുന്നു. നഗര–ഗ്രാമീണസംഘർഷം പോലെ തന്നെയാണ് തന്റെയുള്ളിലെ സെമിറ്റിക്കും വേദാന്തിയും തമ്മിലുള്ള നിതാന്ത സംഘർഷമെന്ന് അയാൾ പറയാൻ ശ്രമിച്ചത് വംഗപുരുഷൻ പ്രോത്സാഹിപ്പിച്ചില്ല. ആര് ആരെ വളയുന്നുവെന്നതിൽ അയാൾക്ക് തീർച്ച വരുത്താൻ കഴിഞ്ഞിരുന്നില്ലെങ്കിലും. പിണക്കമൊന്നും തോന്നിയില്ല. പുറത്തും അകത്തും സംഘർഷങ്ങളുമായി തുടരുകയെന്നതിൽനിന്നും തനിക്ക് മോചനം നേടാനാവുമോയെന്ന കാര്യത്തിൽ അക്കാലത്തുതന്നെ അയാൾ സംശയാലു ആയിരുന്നു. ഒരു സെമിറ്റിക് പ്രവാചകനാണ് സന്യാലെന്ന് അയാൾ നിനച്ചു. ഭൂമിയെല്ലാം വാങ്ങിക്കൂട്ടി മറ്റുള്ളവരുടെ ഭൂഞരമ്പുകളെ അറുത്തുമാറ്റുന്നവരെ ശപിക്കുന്ന യേശയ്യയുടെ പ്രവചനഗ്രന്ഥത്തോട് ഒരു കൗമാര പ്രണയം അയാൾക്ക് അന്നുണ്ടായിരുന്നു.

പുലരി വെള്ള കീറുവോളം പമ്പുഷെഡിൽ സംസാരം തുടർന്നു. തീർപ്പുകൾ അകന്നുനിന്ന ചർച്ചകൾ. ഉന്മൂലനം വർഗശത്രുവിനെ മാത്രം. എന്നിട്ടും പകയുടെ പുക പമ്പുഷെഡ്ഡിലേക്ക് ഇടയ്ക്ക് നൂണ്ടുകയറി. നിണസാക്ഷിയുടെ കവചകുണ്ഡലങ്ങൾ അണിഞ്ഞ ലോഹപുരുഷനെപ്പോലെ കനുസന്യാൽ കാണപ്പെട്ടു. സംശയങ്ങളുടെ കാർബൺ മോണോക്സൈഡിനുമുകളിൽ ലോഹപുരുഷൻ പെരുമപ്പെട്ട് വളർന്നു.

പിന്നീടൊരിക്കലും കാണുകയുണ്ടായില്ല. പരസ്പരം ബന്ധപ്പെട്ടുമില്ല. ഉന്മൂലനം കണിശത പിശകിയ ചോരച്ചാലുകളായി നീറി. ഏഴുകേസുകൾ. നാല് ഉന്മൂലനങ്ങളും മൂന്ന് പൊലീസ് സ്റ്റേഷൻ കവർച്ചകളും. ഒന്നിലും നേരിട്ടുപങ്കെടുത്തതിന് തെളിവില്ല. കുഞ്ഞുതോമസുകുട്ടിയുമായി ബിയാട്രീസ് ആങ്ങളമാർക്കൊപ്പം പോയി. സംവത്സരങ്ങൾ ലോക്കപ്പും ജയിലും പങ്കിട്ടെടുത്തു.

വേണുവിനൊപ്പം പുറത്തുവന്നു. വേണു കാണിച്ചുതരാൻ ശ്രമിച്ച പുതുവെളിച്ചം കണ്ണ് പുളിപ്പിക്കുന്നതായിരുന്നു. പുറത്തും അകത്തുമുള്ള സംഘർഷങ്ങളുടെ കണക്കിൽ അതും ചേർത്തു. അതിനകം ഇംഗ്ലീഷ് മീഡിയങ്ങളുടെ പടവുകളും കടവുകളും താണ്ടി തോമസ്കുട്ടി ഉന്നതങ്ങളിൽ എത്തിപ്പെട്ടിരുന്നു. അമേരിക്കൻ സ്ലാങ്ങിൽ അവൻ ഇംഗ്ലീഷ് സംസാരിച്ചു. ജനിപ്പിച്ചവൻ വീട്ടിനുള്ളിൽ കാലം തിരിയാത്ത കോമാളിയായി എണ്ണപ്പെട്ടുവെങ്കിലും ത്യാഗിയും വിപ്ലവകാരിയുമായ അപ്പനെന്ന് പുറത്ത് പെരുമനായി. ബിയാട്രിസ് കടംകൊണ്ട നാവിലൂടെ സംസാരിച്ചുകൊണ്ടേയിരുന്നു.

കേസും കോടതിയും കടന്നുപോയിട്ടും ഓർമ്മകളിൽ നിലവിളിയും ചോരയും കണ്ണീരും പച്ചജീവനോടെ പിടച്ചുകൊണ്ടിരുന്നു. അമ്മയും ഭാര്യയും കുട്ടികളും നോക്കിനിൽക്കെ വർഗശത്രുവിനെ ഇല്ലാതാക്കി. തെറിച്ചുവീണ ചോര കഴുകിക്കളഞ്ഞു. ഉപ്പുപുരണ്ട കണ്ണീരും നിലവിളിയും ബാക്കിയായി. മകന്റെ വീരാരാധനയിൽ അത് പൊലിക്കുമ്പോൾ അസ്വസ്ഥനായി. വർഗശത്രുവിന്റെ മക്കളും അമ്മയും ഭാര്യയും ഉടലറ്റ ശിരസ്സും താങ്ങി ഇരുട്ടിൽനിന്ന് നിശബ്ദം അലമുറയിട്ടു.

"എന്റെ അച്ഛൻ വീരനാണ്. ത്യാഗിയാണ്. ശരിയെന്ന് തോന്നുന്നത് എന്നും മുന്നിൽ നിന്ന് നടപ്പാക്കുന്നവനാണ്. ഒരല്പകാലം വഴി തെറ്റി. എന്നാലും എന്നും പാർട്ടിയുടെയും പ്രത്യയശാസ്ത്രത്തിന്റെയും അനുഗാമി." കന്യാമറിയത്തിന്റെ ലിറ്റനി പോലെ അവൻ സദസ്സുകളിൽ സ്തുതിപ്പുകളുമായി ഇളകിനിന്നു. വീട്ടിൽ അടപ്പുതെറിച്ചവനെ നാട്ടിൽ വീരനാക്കുന്നതിന്റെ ഗണിതം മകന് ഒരിക്കലും പിഴച്ചില്ല. ക്രിയാകാലത്തിനുശേഷം വിപ്ലവകാരികൾ നാവടക്കുന്നത് നല്ലതുതന്നെയെന്ന് ബ്രിയാട്രിസ് പറഞ്ഞപ്പോൾ വാടകനാവ് അതിന്റെ ഉടമസ്ഥനെ തെളിച്ചുതന്നു.

ഒരാൾ സ്വയവും ഒപ്പം മറ്റുള്ളവരെയും തേടുന്നതിന്റെ തീപ്പാടുകൾ എന്തിനെയൊക്കെ വേവിച്ചുവെന്ന് ആരറിയുന്നു. തിളപ്പും വേവുമില്ലാത്തവരുടെ ആറ്റലും കുറുകലും പെരുമുറം പോലെ ഭൂമിമേല് കമഴുന്നു. സ്വയം പണിതെടുക്കാൻ പിന്നെയും പിന്നെയും അകമേ മുറിയുകയും പൊളിയുകയും ചെയ്യുന്നത് ആർക്കും അറിവും പൊരുളും ആകാത്തതെന്ത്?

കോരസഖാവ് നന്നായി വായിക്കുന്നുണ്ട്. അത് നല്ല കാര്യം. പക്ഷേ, വിശക്കുന്നവന് വെന്ത ചോറും തിളച്ച കൂട്ടാനും മതിയെന്നത് വായിച്ചെടുക്കാനാവാത്തത് എന്തുകൊണ്ട്? ദരിദ്രരെന്നത് ആമാശയങ്ങളുടെ ഒരു കൂട്ടായ്മയാണെന്നും വിപ്ലവം തീറ്റവിഭവങ്ങളും മുഴുത്ത കൂലിയുമാണെന്നും പിന്നെയും പിന്നെയും ആവർത്തിച്ചിട്ടും തലകുലുക്കാനായില്ല. പറമ്പിൽ പണിയാൻ ഒറീസയിൽ നിന്നെത്തിയവരെ മകൻ ഏർപ്പാടുചെയ്തു. അരക്കൂലിയും മുക്കാൽ കൂലിയും മതി ഇവറ്റകളെ പൊറുപ്പിക്കാനെന്ന് മകൻ ആഹ്ലാദിച്ചപ്പോൾ മുറ്റത്ത് നിരന്നവരിൽ ഒരാളായിരുന്നു ദേബാഷിഷ് ചൗരസ്യ. കോപ്പയിലെ കഞ്ഞിവെള്ളം കുടിച്ചുവറ്റിച്ചപ്പോൾ അവന്റെ മുഖത്ത് ബാക്കിയായത് കോപതാപങ്ങളും ക്രൗര്യവുമെന്നത് മകന് കാണിച്ചുകൊടുക്കാനായില്ല. വേനൽക്കുരുതിയിൽ മൂപ്പെത്താതെ കരിഞ്ഞ ചോളപ്പാടമായിരുന്നു അവൻ. പറമ്പിന്റെ കോണിലെ പ്ലാസ്റ്റിക് പുരയിൽ അവനെ പുസ്തകവുമായി കണ്ടു. എന്നിട്ടും ചോദിക്കാൻ തോന്നിയത് ഹരിപ്രസാദ് ചൗരസ്യയെ കേട്ടിട്ടുണ്ടോ എന്നായിരുന്നു. ചൗരസ്യമാരുടെ വഴിയിൽ അവനെയും പുല്ലാംങ്കുഴൽ ലാളിച്ചിട്ടുണ്ടാകുമെന്ന് വെറുതേ തോന്നി.

ഹരിപ്രസാദോ? അങ്ങനെയൊരാളെ ഞാൻ കേട്ടിട്ടില്ല. ഞങ്ങളുടെ കുന്നുകൾ ഇടിച്ചുനിരത്തി, താഴ്വരകളിൽനിന്നും ഞങ്ങളെ കുടിയിറക്കി ചെമ്പും ഇരുമ്പും ബോക്സൈറ്റും കക്കാൻ വന്നിരിക്കുന്നവരിൽ എല്ലാ പേരുകാരുമുണ്ട്. നിങ്ങളെപ്പോലുള്ള വേദാന്തികൾ മുതൽ പച്ചക്കള്ളന്മാർ വരെ. എന്തിനാണ് എപ്പോഴും നിങ്ങൾ ആകാശം നോക്കിയിരിക്കുന്നത്? വല്ലതും ചെയ്തുകൂടേ?

അവന്റെ വെറുപ്പ് നിരുത്സാഹപ്പെടുത്തിയില്ല.

ഹരിപ്രസാദ് ചൗരസ്യ മഹാനായ പുല്ലാംകുഴൽ വാദകനാണ്. നിനക്ക് പുല്ലാംകുഴൽ ഇഷ്ടമല്ലേ?

പുല്ലാംകുഴലോ? അതെന്താണ്? ഞാനതൊന്നും കണ്ടിട്ടുമില്ല. എന്റെ അച്ഛനും മുത്തശ്ശനും കേട്ടിട്ടുണ്ടാവാൻ വഴിയില്ല. ഞങ്ങളുടെ ഗ്രാമങ്ങളിലെ ചൗരസ്യമാർ ആരുംതന്നെ അത് കേട്ടിരിക്കാൻ വഴിയില്ല. ഇനി കേൾക്കുമെന്നും തോന്നുന്നില്ല.

ഒരുവട്ടം മഴ പെയ്യാതിരുന്നാൽ വിത്തുകൾ എന്നേയ്ക്കുമായി മുളക്കാതിരിക്കുമോ? ഭൂമിക്കടിയിലെ മ്യൂട്ടേഷനുകൾ വിളകളെ മാറ്റിമറിക്കുമോ? അന്തകവിത്തുകളെ കൊന്നൊടുക്കുന്ന കാട്ടുവിളകളായി അവ മുളച്ചുപൊന്തുമോ?

അന്നുരാത്രി കനു സന്യാൽ കിനാവിലേക്ക് കടന്നുവന്നു. സ്വപ്നങ്ങൾ ഇഷ്ടമായിരുന്നിട്ടും ഒരിക്കലും സ്വപ്നദംശനം ഉണ്ടാകാത്തയാൾക്ക് അതൊരു പുതുമയായിരുന്നു. ലോഹപുരുഷന്റെ കടുപ്പം കുറഞ്ഞിരുന്നു. എന്നാലും പ്രസാദം കൂടിയിട്ടുണ്ടെന്ന് തോന്നി. സങ്കടങ്ങളുടെ പമ്പരത്തിനുനടുവിൽ ഒരു പൂ വിരിഞ്ഞുനിന്നിരുന്നു. മുഖമൊഴികൾ തേടാത്ത കൂട്ടുകാരെപ്പോലെ വർത്തമാനം തുടർന്നു.

എനിക്ക് ഖേദങ്ങളില്ല. ശരിയെന്ന് തോന്നിയതേ ചെയ്തുള്ളൂ. നീതിയുടെ അഭാവമാണ് ദാരിദ്ര്യത്തെ കിളിർപ്പിക്കുന്നതും പൊലിപ്പിക്കുന്നതെന്നും തോന്നി. അതിനിപ്പോഴും മാറ്റമില്ല. ലക്ഷ്യത്തിലേക്ക് വഴികൾ പലതു



ണ്ടാകാം. എന്നാലും ആർക്കും പല വഴിയേ പോകാനാവില്ലല്ലോ. അത് എങ്ങുമെത്താത്ത വഴിയാണ്. വേണു പറയുന്നു ജനാധിപത്യം മനുഷ്യരുടെ കൂടപ്പിറപ്പാണെന്ന്. ഭരണകൂടരൂപങ്ങളെ വേറിട്ടുകാണണമെന്ന്. വംഗദേശത്ത് പാർട്ടി അയച്ച ദൂതന് അഭിപ്രായം വേറെയാണ്.

ദൂതനെ ഞാനറിയും. ഒരിക്കൽ ഒരു പാർട്ടി സമ്മേളനത്തിനിടയിൽ തഞ്ചാവൂരിലെ ബൃഹദേശ്വരക്ഷേത്രം കാണാൻ പോയ സഖാക്കളുടെ ചെറുകൂട്ടത്തിൽ ഞാനും അയാളും ഉണ്ടായിരുന്നു. ഒറ്റക്കല്ലിന്റെ കടുപ്പം മെനഞ്ഞ നന്ദിയുടെ രൂപം ഞങ്ങളെ വിസ്മയിപ്പിച്ചു. സഹസ്രവർഷങ്ങളുടെ പെരുമയുടെ അകം കാണാൻ ഞങ്ങൾ ഒരുങ്ങിയെങ്കിലും അന്ന് സംഘത്തലവനായിരുന്ന ദൂതൻ സമ്മതിച്ചില്ല. പുറം തന്നെ അകം. ഒന്ന് കണ്ടാൽ എല്ലാം കണ്ടു. നാടുനീളെ ഇത്തരങ്ങളുണ്ട്. വെറുതെ ആവർത്തന കാഴ്ചകൾക്കായി സമയം മെനക്കെടുത്തുന്നതെന്തിന്? അതായിരുന്നു അയാൾ. ഏതോ പ്രധാന രേഖ തയ്യാറാക്കാനുണ്ടെന്ന് പറഞ്ഞ് അയാൾ ഞങ്ങളെ തടുത്തുകൂട്ടി മടങ്ങി. പലമയുടെ പെരുമയും വിശാലതയും അത്തരക്കാർക്ക് എന്നും അന്യം.

എന്റെ കുടിലിൽ ഞാനിപ്പോൾ നിരായുധനാണ്. ഡൽഹിയും കൊൽക്കത്തയും എന്നെ പരിഭ്രമിപ്പിക്കുന്നില്ല. രോഗപീഡകളും വാർദ്ധക്യവും അതിഥികളാണ്, ശത്രുക്കളല്ല. ഊട്ടുപുര നിറയെ ഓർമ്മകൾ. ദിവസവും പുറത്തിറങ്ങി ജനങ്ങൾക്കിടയിലൂടെ നടക്കുന്നു. അത് ഒഴിവാക്കാനാകില്ല. മത്സ്യത്തിന് ജലമല്ലാതെ വീട് വേറെവിടെ?

ലോഹപുരുഷനൊപ്പം ഞാനും ചിരിച്ചു.

ഇനി വഴികളൊന്നും ഇല്ല. വഴിയുറപ്പിന്റെ കഠിനകാലത്ത് കുറെയൊക്കെ ഞാൻ തന്നെ അടച്ചതാണ്. ബാക്കിയുള്ളത് അവരും അടച്ചു. ഇനി താണ്ടിപ്പോകാൻ ഒരു വഴിയേ അവശേഷിപ്പിച്ചിട്ടുള്ളു. അത്രയും പറഞ്ഞ് ലോഹപുരുഷൻ ചിരിച്ചു. കാളീക്ഷേത്രനടയിൽനിന്ന് തൊണ്ടയിൽ കാൻസർപ്പൂവുമായി പരമഹംസർ ചിരിക്കുന്നതുപോലെ തോന്നി.

പിന്നെ കിനാവൊതുക്കി മൂന്നാം പക്കം വാർത്തകളിൽ നിറഞ്ഞുതൂവാനായി കനുസന്യാൽ മാഞ്ഞുപോയി. വർഗശത്രുക്കൾക്ക് ഇന്ധനം നൽകിയ കുലംകുത്തിയെന്ന് മകൻ കനച്ചുതുപ്പി. ജലകാനനത്തിലെ വരമ്പിൽ മനസ്സ് മേഞ്ഞുനടന്നു. എന്തിനാണ് സ്തുതിയും പുകഴ്ച്ചയും മോഹിക്കുന്നത്? അകം നിറഞ്ഞ് പൊരുളാകുന്ന തൃപ്തിയോളം മുഴുപ്പ് മറ്റൊന്നിനുമില്ല. ശരിചെയ്യുന്നവന് ശരിയുടെ വിലയെന്ന് ഓതിത്തന്ന ഹൈസ്ക്കൂളിലെ അദ്ധ്യാപകൻ ജേക്കബ് ജോസഫ് സാറിനെ ഓർത്തു. ഇഹപരങ്ങളെ മോഹിക്കാത്തവർക്ക് ശരിയുടെ മൂല്യം എവിടെയാണ് തുണയാകുക? ചണവള്ളി പ്രാണനെടുക്കുമ്പോഴും ലോഹപുരുഷൻ ശാന്തനായിരുന്നുവോ?... അന്തിമമാം മണം അർപ്പിച്ചടിവാൻ മലർകാക്കില്ലേ ഗന്ധവാഹകനെ, രഹസ്യമാരറിവൂ?[2]



പ്രാണനൊഴിഞ്ഞ കനുസന്യാലിന്റെ ദേഹത്തെ ചാനൽ പിന്നെയും പിന്നെയും കാണിച്ചുതന്നു. ചണവള്ളിയുടെ കുരുക്കിൽ ഞാന്ന കനുവിനെ ഗോതമ്പുപാടങ്ങളിൽ നിന്നെത്തിയ കാറ്റ് ചെറുതായി അനക്കിയപ്പോൾ പൊലീസുകാരൻ കാലിൽ അണച്ചുപിടിച്ച് അതമർത്തി. മുകളിൽ പ്രാണഹരനായ ചണക്കുരുക്ക്. താഴെ ഭരണകൂടത്തിന്റെ അംഗവസ്ത്രങ്ങളിൽ നിയമപാലകൻ. നടുവിൽ എല്ലാം പൂർത്തിയാക്കിയവന്റെ നിറവിൽ പോസ്റ്റ്മോർട്ടം കാത്ത് ഒരു ദേഹം.

നിലാവ് കെട്ടുപോയ രാവിൽ ഉറക്കമില്ലാതെ കിടക്കുമ്പോൾ കൊച്ചുമകൻ അരികിലെത്തി.

അച്ഛച്ഛാ, ഞാൻ പോവുകയാണ്. മെഡിക്കൽ കോളേജ് എനിക്ക് മടുത്തു. ദേബാഷിഷ് ഒപ്പമുണ്ട്. അവൻ അവന്റെ ഗ്രാമത്തിലേക്ക് മടങ്ങുകയാണ്.

നീയെന്തിന് അവന്റെയൊപ്പം പോകുന്നു?

അവന് പുല്ലാംകുഴൽ പഠിക്കണമെന്ന്. ഞാൻ യൂത്ത് ഫെസ്റ്റിവലിൽ ഒന്നാം സ്ഥാനക്കാരനല്ലേ? ഞാനൊന്ന് നോക്കട്ടെ അവനെ പഠിപ്പിക്കാമോയെന്ന്.

ഇരുട്ടിൽ ഒച്ചയുണർത്താതെ കൊച്ചുമകൻ ഇറങ്ങി. അപ്പോൾ തോമസ് കോരയുടെ കിനാവിൽ ഒരു വൈസ് ചാൻസലർ ആടിപ്പാടുന്നുണ്ടായിരുന്നു. വൃദ്ധൻ ഐഡിയ സ്റ്റാർസിംഗറിന്റെ മുടങ്ങിയ എപ്പിസോഡ് റിപ്പീറ്റിൽ കാണാനായി എഴുന്നേറ്റു. ■

1. കനുസന്യാൽ– ബംഗാളിലെ ഇടത് വിപ്ലവകാരി. ഏകാകിയും രോഗിയുമായി ഒടുവിൽ ആത്മഹത്യ ചെയ്തു.

2. വീണപൂവ്– കുമാരനാശാൻ